പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5767 — 05.07.2013 ൽ മറുപടിക്ക്

## കണ്ണൂർ വെള്ളോറയിൽ മാവേലി സ്റ്റോർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. കൃഷ്ണൻ: | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ്മന്ത്രി ) | |
| (എ) | കണ്ണൂർ ജില്ലയിൽ എരമം-കുറ്റൂർ പഞ്ചായത്തിൽ വെള്ളോറയിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ; | (എ) | കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ പഞ്ചായത്തിലെ കക്കറയിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. വെള്ളോറയിൽ നിന്നും 4.5 കി.മീ. അകലെ ചപ്പാരപ്പടവ് പഞ്ചായത്തിൽ പെരുമ്പടവ് എന്ന സ്ഥലത്തും എരമം കുറ്റൂർ പഞ്ചായത്തിൽ തന്നെ മാതമംഗലത്തും സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റും പ്രവർത്തിച്ചു വരുന്നുണ്ട്. ആയതിനാൽ വെള്ളോറയിൽ മാവേലി സ്റ്റോർ തുടങ്ങുന്നത് ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് കോടതി നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) & (സി) | ഉണ്ട്, ഇതുമായി ബന്ധപ്പെട്ട് WPC No.15000/2013(Y) ന്റെ 13.06.2013 ലെ വിധിന്യായം 3.07.2013 ൽ ലഭിക്കുകയുണ്ടായി. ആയത് പരിശോധിച്ച് ഈ വിഷയത്തിൽ ഉചിത തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (സി) | വെള്ളോറയിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? | | |

Beena

സെക്ഷൻ ഓഫീസർ

6